# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2645 — 19.07.2011 ൽ മറുപടിക്ക്

**ദുരിതാശ്വാസ/ചികിത്സാ സഹായം സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ.ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ/ചികിത്സാ സഹായ നിധികളിൽ നിന്നുള്ള സഹായം അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം സമയബന്ധിതമായി എത്തിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകരുടെ ബാഹുല്യം നിമിത്തവും ഫണ്ടിന്റെ അപര്യാപ്തതമൂലവും ചില സമയങ്ങളിൽ കുറച്ച് കാലതാമസമുണ്ടാകാറുണ്ട്. |
| (ബി) ഈ വർഷം ഇപ്രകാരം കുട്ടനാട് താലൂക്കിൽ സഹായം അനുവദിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) എം.എൽ.എ മുഖാന്തിരം സമർപ്പിച്ച സഹായം ലഭ്യമാകാത്തവരുടെ ലിസ്റ്റും കാരണവും വിശദമാക്കി റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) അർഹരായ എല്ലാ അപേക്ഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. അപേക്ഷകളുടെ ബാഹുല്യം നിമിത്തം പ്രത്യേക ലിസ്റ്റ് സൂക്ഷിക്കാറില്ല. |

സെക്ഷൻ ഓഫീസർ